# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി.വി.എച്ച്.എസ്.എസ്.കുറുമാത്തൂർ



# ആമുഖം

1981 ൽ അനുവദിച്ച കുറുമാത്തൂർ ഗവ.ഹൈസ്കൂൾ പൊക്കുണ്ടിലെ ഒറ്റമുറിയിലാണ് പ്രവർത്തനമാരംഭിച്ചത്. അന്ന് ഒരു എട്ടാം ക്ലാസും 48 കുട്ടികളുമാണുണ്ടായിരുന്നത്. പരിമിതികളിൽ നിന്ന് സ്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിക്കാനായി പഞ്ചായത്ത് മുൻകൈയെടുത്ത് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി 51 അംഗ കമ്മിറ്റി രൂപവത്കരിച്ചു. ഈ കമ്മിറ്റിയാണ് സ്കൂളിന് സ്ഥലം കണ്ടെത്തിയത് . നാട്ടുകാരുടേയും മറ്റ് സന്നദ്ധപ്രവർത്തകരുടേയും കഠിനമായ ശ്രമത്തിന്റെ ഫലമായി സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ക്ലാസുകൾ പൊക്കുണ്ടിൽ നിന്ന് മാറ്റുകയും ചെയ്തു. രണ്ടു ഫസ്റ്റ് ക്ലാസോടെ 64% വിജയവുമായി ആദ്യത്തെ S S L C ബാച്ച് 1983-84 ൽ പുറത്തിറങ്ങി.കരിമ്പം , പന്നിയൂർ കൃഷിഫാമുകളുടെ സാമീപ്യം കണക്കിലെടുത്തുകൊണ്ട് ഈ കാലഘട്ടത്തിൽ തന്നെയാണ് സ്കൂളിന് വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സ് (അഗ്രിക്കൾച്ചർ) അനുവദിച്ചു കിട്ടിയത്. നാട്ടുകാരുടേയും ചുമതലപ്പെട്ട അധികാരികളുടേയും സമ്പൂർണ്ണ സഹകരണം സ്കൂളിന്റെ വളർച്ച ത്വരിതപ്പെടുത്തി. 2014-15 വർഷത്തിൽ സ്കൂളിനെ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി .ആരംഭത്തിൽ കൊമേഴ്സ് ബാച്ചും 2015-16 വർഷത്തിൽ സയൻസ് ബാച്ചും അനുവദിച്ചതോടു കൂടി സ്കൂൾ വളർച്ചയുടെ മറ്റൊരു ഘട്ടം കൂടി പിന്നിട്ടു.പല കടമ്പകളും കടന്ന് വികസനത്തിന്റെ പാതയിൽ വിദ്യാലയം 2022 എത്തിനിൽക്കുന്നു. പുതിയ കെട്ടിടവും ആധുനിക സൗകര്യങ്ങളുമായി തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിലെ മികവിന്റെ കേന്ദ്രമായി ഈ വിദ്യാലയം മാറിയിരിക്കുകയാണ്.8 മുതൽ 12 വരെ ക്ലാസ്സുകളിലായി എണ്ണൂറോളം വിദ്യാർത്ഥികൾ അദ്ധ്യേനം നടത്തുന്നു. എസ്എസ്എൽസി പരീക്ഷയിൽ വർഷങ്ങളായി 100% വിജയവും പ്ലസ് ടു വിഎച്ച്എസ്ഇ പരീക്ഷകളിൽ ഉയർന്ന വിജയവും കരസ്ഥമാക്കി വിദ്യാർഥി സൗഹൃദ വിദ്യാലയമായി ഈ സ്ഥാപനം പ്രവർത്തിച്ചു വരികയാണ്.

ഓരോ കുട്ടിയുടെയും അറിവും കഴിവും അവരുടെ പ്രായത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പാക്കാനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സാധിക്കുകയുള്ളൂ. നമ്മുടെ വിദ്യാലയം പൂർണ്ണമായും ഒരു സാമൂഹ്യ സ്ഥാപനമായി മാറ്റേണ്ടതുണ്ട്. ഒരു ജനാധിപത്യ സമൂഹം പ്രതീക്ഷിക്കുന്ന

മൂല്യങ്ങളും പ്രതികരണ ശേഷിയും നല്ല നിലപാടുകളും നല്ല പെരുമാറ്റ രീതികളും പുലർത്തുന്ന കുട്ടികളായി രൂപപ്പെടണം. അതിന് ഭൗതികസൗകര്യങ്ങൾക്ക് പുറമേ അക്കാദമികമായ പ്രവർത്തനങ്ങളും

ഉയർന്ന നിലവാരത്തിലേക്ക് വരേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും സംഘാടനത്തിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. കുട്ടികൾക്ക് അവസരതുല്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കണം.

**<u>അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ</u>**

• നമ്മുടെ വിദ്യാലയത്തെ മികവിന്റ കേന്ദ്രമാക്കുക.

• ഓരൊ കുട്ടിയുടെയും വ്യക്തിത്വ വികാസവും വിവിധ മേഖലകളിലുള്ള അറിവും പാഠ്യപദ്ധതി വിഭാവനം ചെയ്ത പ്രകാരം ഉയർന്ന തലത്തിൽ എത്തിക്കുക.

• ഓരൊ കുട്ടിയുടെയും പൊതുവായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.

• നമ്മുടെ വിദ്യാലയത്തെ ഒരു സാമൂഹ്യ സ്ഥാപനമായി മാറ്റുക.

• അക്കാദമിക ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

• അക്കാദമിക പ്രവർത്തനങ്ങൾക്ക് ഭൗതികസൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രാപ്തമാക്കുക.

• അക്കാദമിക പ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

• എല്ലാ വിദ്യാർത്ഥികളെയും സ്കൂളിലേക്ക് ആകർഷിക്കപ്പെടുന്ന പ്രവർത്തനങ്ങൾ നടത്തുക.

• അക്കാദമിക പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക.

• പഠനബോധന പ്രവർത്തനങ്ങളിൽ അധ്യാപകർക്ക് ശാക്തീകരണം നടത്തുക.

• ജനാധിപത്യമര്യാദകൾ, പെരുമാറ്റരീതികൾ, ഉത്തരവാദിത്തം തുടങ്ങിയ ഗുണങ്ങൾ ഉറപ്പിക്കുക.

• കുട്ടികളെ അടുത്തറിയാനുള്ള സഹവാസ ക്യാമ്പ്, കൗൺസിലിങ്ങ് ക്ലാസ്സുകൾ സഹകരണമനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സാംസ്കാരിക

പ്രവർത്തനങ്ങൾ, സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

• സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നു വരുന്ന കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതികാവബോധം, ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉൾക്കൊണ്ടിട്ടുണ്ട് എന്നുറപ്പാക്കൽ

• ഭൗതിക, മാനസിക, സംസ്കാരിക, സഹകരണ മനോഭാവം വളർത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

• ലഹരി വിരുദ്ധ മനോഭാവം വളർത്തുക

• വായനയിലുള്ള ആഭിമുഖ്യം വളർത്താൻ ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്തുക.

• മത്സരപ്പരീക്ഷകളിൽ ഉയർന്ന വിജയം നേടാൻ പ്രാപ്തരാക്കുക.

• കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ

• ബാലാവകാശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തൽ

• രക്ഷിതാക്കളിൽ ഗുണമേൻമാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ

• സ്കൂൾ വായനശാലകളും ലബൊറട്ടറികളും വിപുലപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക

• വിദ്യാർത്ഥിയുടെ സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും

ആവശ്യമായ അവസരങ്ങൾ നൽകുന്ന പഠനപ്രവർത്തനങ്ങൾ നടത്തുക.

• പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.

• ലഹരി വിരുദ്ധ മനോഭാവം വളർത്തുക

• പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കുക.

• കുട്ടികൾക്ക് കൃഷിയോടുള്ള അനുകൂല മനോഭാവം വളർത്തുന്ന പ്രയൊഗശാലകളാക്കി മാറ്റുക.

• മികച്ച മാനസിക–വൈകാരിക–ശാരീരിക ആരോഗ്യം ഉറപ്പാക്കുക.

· മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കൊനാവശ്യമായ രീതി

ശാസ്ത്രം വികസിപ്പിക്കുക.

· വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

· പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജ്ജനാവബോധം, ശാസ്ത്രാവബോധം,വിമർശനാവബോധം എന്നിവ ഉൾക്കൊള്ളാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

· പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠന പ്രവർത്തനങ്ങൾക്കായി ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ വിനിയോഗിക്കുക.

· കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സർവതോൻമുഖമായ വികസനത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

·നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കുന്നതിനും കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനുമായി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക.

# പഠനപ്രവർത്തനങ്ങൾ

## സാമൂഹ്യ ശാസ്ത്രം:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉളവാക്കുക.. ചരിത്രബോധത്തിൽ നിന്നും ഭാവിരൂപപ്പെടുത്തുക. | വയൽ കിളികൾ - സാമൂഹ്യ ശാസ്ത്രത്തിൽ അടിപ്പാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പ്രത്യേക പഠന | ഒരു വർഷം | പുരാവസ്തു ശേഖരങ്ങൾ ചിത്രങ്ങൾ എന്നിവയുടെ ശേഖരണം . പ്രാദേശിക ചരിത്രം ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ചരിത്രഗ്രന്ഥങ്ങൾ, ചരിത്രസിനിമകൾ , |

| | | | |
|---|---|---|---|
| | ടിപ്പകൾ സംഘടിപ്പിക്കുന്നു.ആക ാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ ._ സർവ്വേ , പ്രൊജക്റ്റ് ചർച്ചകൾ, സംവാദം, | | ചരിത്ര മ്യൂസിയം |
| ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക.<br><br>സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ, നിരീക്ഷണം വളർത്തു ക. | സ്കൂൾ പാർലിമെന്റ് , മോക്ക് പാർലിമെന്റ് പൗരബോധം, സാമൂഹ്യ അവബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>സ്റ്റാർട്ട് അപ്പ് – സാമൂഹ്യശാസ്ത്രലാബുക ൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക. കാലം | 6 മാസം | സ്കൂൾ തല തെരഞ്ഞെടുപ്പ് പ്രവർത്തനം |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. | കാട്ടും മേട്ടും ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | അക്കാദമിക വർഷം | ഡിജിറ്റൽ ആൽബം മാപ്പ് , ഗ്ലോബ്,ഗൂഗിൾ മാപ്പ് |
| സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോക്ഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. ചരിത്ര കൊട്ടാരം | അക്കാദമിക വർഷം | വീഡിയോ പ്രദർശനം, പ്രൊജക്റ്റ് റൂം etc... സിനിമ (ചരിത്ര സംഭവുമായി ബന്ധപ്പെട്ടവ ) |

| | | | |
|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക. | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കുന്നു. | 5 മാസം | |
| സ്ഥല നിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | സ്റ്റാർട്ട് അപ്പ് – സാമൂഹ്യശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക | രണ്ടുമാസം | ലൈബ്രറി നിയമ വിദഗ്ധരായ പരിശീലകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോക്ഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രൊജക്റ്റ് റൂetc... സിനിമ (ചരിത്ര സംഭവുമായി ബന്ധപ്പെട്ടവ | രണ്ടുമാസം | അമിത ജനസംഖ്യയുടെ പ്രത്യാഘാതങ്ങൾ വിവരിക്കുന്ന വീഡിയോ |
| വ്യത്യസ്ത്യ ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം.– | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കുന്നു. | ഒരു മാസം | ലാബ്, മണ്ണ് ശേഖരണം |

## ***ENGLISH***

**The English academic master plan aims to provide a comprehensive framework for teaching and learning English language and literature. This plan is designed to foster a love of language, literature, and critical thinking, while equipping students with the skills necessary for success in academics, careers, and beyond.**

| Objectives | Activities | Time period | Resources |
|---|---|---|---|
| **To develop learners' proficiency in all four language skills.** | **Pretest for LSRW Book Review Wall**<br><br>**Reading competition**<br><br>**Newsreading Learn a Word a day**<br><br>**English Assembly** | **June-July** | story books (fables) audio-books textbooks ICT |
| **To promote effective communication in real-life situations.** | **Poster making**<br><br>**Wall Magazine Pick and Talk Readers Theatre Role Plays Poem Writing & Story writing competitions Podcasts Essay writing**<br>**Workshop on** | **August-September**<br><br>**October-November** | current affairs textbook. based topics |

| | | | |
|---|---|---|---|
| | **creative writing** | | |
| **To foster confidence and creativity in English usage.** | **English fest**<br>**Skits**<br>**Debates** | **December,-January** | newspaper<br>library books<br>ICT<br>textbooks. |
| **To integrate grammar, vocabulary, and literature into skill development.** | **Vocabulary Quiz**<br>**Recitation** | **February** | club activities |

# ***മലയാളം***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| വിഭിന്നമായ സർഗാത്മക ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | വ്യക്തികൾ, കൂട്ടായ്മ, പൊതുപരിപാടികൾ, അസംബ്ലി എന്നിവിടങ്ങളിൽ സംസാരിക്കാനും സർഗാത്മക രചനകൾ പങ്കുവയ്ക്കാനും പ്രഭാഷണം നടത്താനും സാഹചര്യം ഉണ്ടാക്കുക | ഒരു അധ്യയന വർഷം മുഴുവൻ | പുസ്തകങ്ങൾ , കുറിപ്പ് |
| പഠനപ്രവർത്തനങ്ങളോട് ചേർന്ന് ഹ്യൂമൻ ലൈബ്രറി എന്ന ആശയത്തിൻ്റെ സാക്ഷാത്കാരം | ലൈബ്രറി, വിദ്യാരംഗം എന്നിവയോട് ചേർന്നുള്ള പ്രവർത്തനം. ശ്രദ്ധേയമായ ഒരു വ്യക്തിയെ പരിചയപ്പെട്ടുകയും | ഓരോ മാസവുംഭിന്നമായ പ്രവർത്തനങ്ങളിലൂടെ.. ജൂൺ മുതൽ ജനുവരി വരെ | ഹ്യൂമൻ ലൈബ്രറിയുടെ അടയാളപ്പെട്ടുത്തൽ, പുസ്തകം |

| | | | |
|---|---|---|---|
| | ജീവിതം അടയാളപ്പെടുത്തുകയും ചെയ്യുക. | | |
| വായന ഒരു ശീലമായി വളർത്തുക. അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | എട്ടാംതരത്തിലെ സവിശേഷ പ്രവർത്തനം – കുട്ടികളെ മനസ്സിലാക്കി ഉചിതമായതും താല്പര്യാനുസ്റ്തവുമായ പുസ്തകങ്ങൾ വായനക്കെടുക്കുക. | ജൂൺ മാസം കുട്ടികളെ മനസ്സിലാക്കുന്നു. ജൂലൈ മുതൽ ഒരു വർഷം തുടരുന്ന പ്രവർത്തനം | എൻ്റെ വായനാപുസ്തകം |
| സാമൂഹിക ബന്ധവും സാഹിത്യാഭിരുചിയും വളർത്തുക | ഒന്ന്, രണ്ട് പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നാലാമത്തെ പ്രവർത്തനം. പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടാനും അവരുടെ അനുഭവങ്ങൾ കേൾക്കാനും സ്വന്തം സർഗാത്മകത അവരുമായി പങ്കുവയ്ക്കാനും അവസരമൊരുക്കുക. | നവംബർ മുതൽ ജനുവരി വരെയുള്ള മൂന്നു മാസക്കാലം. | വിദഗ്ധരുടെ ക്ലാസ്സ് |
| ഭാഷാ സ്വാംശീകരണവും ഭാഷാ ശേഷികളുടെ വികസനവും . | എട്ടാംതരത്തിലെ കുട്ടികളിൽ ആരംഭിക്കുന്ന പ്രവർത്തനം മൂന്നിൻ്റെ തുടർച്ചയായ പ്രവർത്തനമാണ് . വായന, പകർത്തിയെഴുത്ത്, സർഗാത്മകമായ എഴുത്ത്, കൂട്ടെഴുത്ത് എന്നിവയെല്ലാം പ്രവർത്തനത്തിൻ്റെ ഭാഗമാണ്. | മൂന്നു വർഷം. | കുറിപ്പുകൾ, പുസ്തകങ്ങൾ |

# *ഹിന്ദി*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു . പ്രവർത്തനങ്ങൾ | അക്ഷരമാല അടങ്ങിയ ചാർട്ട് പ്രദർശിപ്പി ക്കുന്നു നോട്ടുബുക്കിൽ ആവർത്തിച്ച് എഴുതിപ്പിക്കുന്നു | ജൂൺ , ജൂലൈ . | |
| ആഴ്ചയുടെ പേരും1 മുതൽ 50 വരെയും ഹിന്ദിയിൽ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. | കുട്ടികളുടെ ജനനത്തീയതി എഴുതിപ്പിക്കുന്നു. ഹിന്ദി കലണ്ടർ നിർമ്മിക്കുന്നു. | ജൂലൈ ,ഓഗസ്റ്റ്, സെപ്റ്റംബർ | പാഠപുസ്തകം |
| ഹിന്ദി സാഹിത്യത്തിൽ അറിവ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. പ്രേംചന്ദ് ദിനാചരണം. | ക്വിസ് മത്സരം ,പ്രസംഗ മത്സരം എന്നിവ നടത്തുന്നു .വിഷയം പ്രേംചന്ദ് - സാഹിത്യം | ജൂലൈ 31 | ലൈബ്രറിയിലെ *ഹിന്ദിപുസ്തകങ്ങൾ ലാപ്ടോപ്പ് പ്രൊജക്ടറുകൾ* |
| കുട്ടികളിൽ സാഹിത്യ സാഹിത്യാഭിരുചി വളർത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ഹിന്ദി വാരാഘോഷം | കഥ, കവിത , പ്രസംഗം വായന എന്നീ മത്സരങ്ങൾ നടത്തുന്നു. കുട്ടികളുടെ നേതൃത്വത്തിൽ ഹിന്ദിയിൽ അസംബ്ലി സംഘടിപ്പിക്കുന്നു | സെപ്റ്റംബർ 14 മുതൽ | ലൈബ്രറിയിലെ *ഹിന്ദിപുസ്തകങ്ങൾ ലാപ്ടോപ്പ്* |
| ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് നിർമ്മിച്ച് ദിനാചരണങ്ങൾ ആഘോഷം | 7 മാസം | ഹിന്ദി സാഹിത്യപ്രവർത്തനങ്ങൾ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ കുട്ടികൾക്ക് പരിചയം പ്പെടുത്തുന്നു | പ്രൊജക്ടറിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളിലൂടെ കുട്ടികളെ പരിചയപ്പെടുത്തുന്നു. | അഞ്ചുമാസം | പാഠപുസ്തകം ഐസിടി |
| കാർട്ടൂൺ , ചിത്രകഥ എന്നിവ | പദസൂര്യൻ, പ്രശ്നോത്തരി, | നവംബ ർ,ഡിസംബർ | പാഠപുസ്തകം |

| | | | |
|---|---|---|---|
| മനസിലാക്കി ആശയങ്ങൾ അവതരിപ്പിക്കുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. സ്വഭാവവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | ചെറിയ കാർട്ടൂണുകൾ എന്നിവ പ്രൊജക്ടർ ലൂടെ നൽകുന്നു. കുട്ടികൾ ആശയങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കുന്നു പാഠപുസ്തകത്തിലെ കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. പാഠഭാഗങ്ങളിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങളുടെ സ്വഭാവ വിശേഷതകളുട കുറിപ്പ് തയ്യാറാക്കി' അവതരിപ്പിക്കുന്നു | | |

## ***അറബി***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | അക്ഷരമാല കൂട്ടക്ഷരങ്ങൾ ആശയങ്ങൾ അക്ഷരങ്ങളിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ രൂപീകരിക്കൽ | ഓരോ ആഴ്ചയിലും | പാഠപുസ്തകങ്ങൾ |
| അറബി ഭാഷ ഒരുക്കത്തോടെ വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക | തുടർ വായന ആശയാവതരണ വായനാമത്സരം ഹോംവർക്ക് | ജൂൺ ,ഓരോ മാസവും | പാഠപുസ്തകങ്ങൾ |

| | | | |
|---|---|---|---|
| ലബ്ബ് ശാക്തീകരണം അറബി സാഹിത്യത്തിലും ഗ്രാമങ്ങളിലും മറ്റും അറിവ് വളർത്തുക | അറബിക് ക്ലബ് രൂപീകരണം അറബിക് ക്വിസ് സ്കൂൾതല അറബിക് അലിഫ് ടാലൻറ് ടെസ്റ്റ് അറബിക് ദിനാചരണം | ജൂൺ<br>ജൂലൈ<br>ഡിസംബർ , | ലഭ്യമാകുന്ന അറബി പുസ്തകങ്ങൾ |
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാൻ ഉള്ള പ്രത്യേക പരിപാടി | പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി വാക്യ നിർമാണം ദേഷ്യം നൽകുക | ആഗസ്റ്റ് മുതൽ ഒക്ടോബർ | അറബി മാഗസിനുകൾ പരിചയപ്പെടുത്തുക |
| അറബി ഭാഷയിൽ സംസാരിക്കാനും എഴുതാനും പല ശേഷി വളർത്തുക | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റു കുട്ടികൾക്ക് ശ്രവിക്കാനും ഇവിടെ പരിശീലിപ്പിക്കാനും ഉള്ള അവസരം നൽകുക പോസ്റ്റർ നിർമ്മാണം അറബി അന്തരീക്ഷം സൃഷ്ടിക്കുക | ജൂൺ | |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ്സ് കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു | ജൂൺ നവംബർ | |
| അറിവിന് തിളക്കം | മാസാന്ത ക്വിസ് കാർന്നിവല്. ഓരോ ദിവസവും നിശ്ചിത തീയതികളിൽ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | ജൂൺ നവംബർ | |
| വിദ്യാഭ്യാസ വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | മഹാന്മാരുടെയും അറബി പണ്ഡിതന്മാരുടെയും ജീവിതവും ചരിത്രവും പഠിപ്പിക്കുക ഖുർആൻ സൂക്തങ്ങൾ ഹദീസുകൾ തുടങ്ങിയവയിലൂടെ മൂല്യങ്ങൾ നൽകുക | ജൂൺ മുതൽ മാർച്ച് | പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| ലഹരിക്കും മയക്കമരുന്നിനുമെത ിരെ ബോധവൽക്കരണം നൽകുക<br><br><br><br><br><br><br><br><br><br><br><br><br><br>ദിനാചാരണങ്ങൾ | ലഹരിവിരുദ്ധ പ്ലക്കാർഡുകൾ നിർമ്മിക്കുക ലഹരി ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ എഴുതി അസൈമെൻറ് തയ്യാറാക്കാൻ പറയുക ലഹരിക്കെതിരെയു ള്ള ഖുർആൻ സൂക്തങ്ങൾ ഹദീസുകൾ പരിചയപ്പെടുത്തുക<br><br>ദിനാചാരണത്തെ കുറിച്ചുള്ള അവബോധംദിനാച ാരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബി പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ജൂലൈ–ആഗസ്റ്<br><br><br><br><br><br><br><br><br><br><br><br><br><br>ജൂൺ | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | ഒരക്ഷരം – ഒരുപാട് പദങ്ങൾ ,പദ–ചങ്ങല കാർഡിലൂടെ വാക്കുകൾ രൂപീകരിക്കാൻ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ | ഒരു ആഴ്ചയിലും | പുസ്തകങ്ങൾ |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായ വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക | അവസ്ഥാപഠനം നമ്പറുകൾ ശേഖരിക്കൽ കാർഡുകൾ പുസ്തകങ്ങൾ തുടർ | ജൂൺ 19 –25<br>ജൂൺ– ആഗസ്റ്റ്<br>ജൂലൈ– മാർച്ച്<br>ഓരോ ആഴ്ചയിലും<br>ഒരു മാസവും | പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | വായന<br>ആശയാവതരണ<br>വായനാമത്സരം | | |
| ക്ലബ്ബ് ശാക്തീകരണം | സംസ്കൃതം അക്കാദമിക് കൗൺസിൽ രൂപീകരണം<br>പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br><br>അക്ഷരശ്ലോക കേളി<br><br>സംസ്കൃതം പ്രശ്നോത്തരി<br>സംസ്കൃത ദിനാചരണം<br>പോസ്റ്റർ നിർമ്മാണം | ജൂൺ ,<br><br><br>ജൂലൈ–മാർച്ച്<br><br>സെപ്റ്റംബർ | ചോദ്യങ്ങൾ<br>ലാപ്ടോപ്പ് പ്രൊജക്ടർ |
| ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | സംസ്കൃതം ദർശനി നിത്യോപയോഗ വസ്തുക്കളും സംസ്കൃതം നാമവും ചിത്രങ്ങളും ചേർന്ന് സ്ലൈഡ് നിർമാണം<br><br>സംസ്കൃതം ശബ്ദകോശം<br>സുഭാഷിതങ്ങളുടെ ശേഖരണം | സെപ്റ്റംബർ – നവംബർ<br><br>മാർച്ച് | ലാപ്ടോപ്പ് പ്രൊജക്ടർ |
| മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾ ഉള്ള അവസരം നൽകുക | കഥാരചന<br>കവിതാരചന<br>ഉപന്യാസരചന<br>കാവ്യാലാപനം<br>സ്വന്തമായി വിഷയം തിരഞ്ഞെടുത്ത കഥ കവിത രചിക്കുന്നു<br>അക്ഷരശ്ലോകം | ഒക്ടോബർ–നവംബർ | |
| എല്ലാ കുട്ടികളെയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു | വളരുന്ന നിഘണ്ടു<br>നിഘണ്ടു പരിചയപ്പെടുത്താൻ<br>എൻറെ സ്വന്തം നിഘണ്ടു | ജൂൺ –ആഗസ്റ്റ്, സെപ്റ്റംബർ – മാർച്ച് | ലാപ്ടോപ്പ് പ്രൊജക്ടർ |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും | ഹാന്മാരുടെയും സംസ്കൃത പണ്ഡിതന്മാരുടെയും ജീവിതവും ചരിത്രവും | ജനുവരി മുതൽ മാർച്ച് | |

| | | | |
|---|---|---|---|
| ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | പഠിപ്പിക്കുക പുരാണങ്ങൾ ഇതിഹാസങ്ങൾ തുടങ്ങും തുടങ്ങിയവയിലൂടെ മൂല്യങ്ങൾ പരിചയപ്പെടുത്തുക | | |
| സംസ്കൃത ഭാഷയുടെ സംസാരിക്കാനും എഴുതാനും ഉള്ള ശേഷി വളർത്തുക | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റു കുട്ടികൾക്ക് ശ്രവിക്കുവാനും അവരെ പരിശീലിപ്പിക്കാനും ഉള്ള അവസരം നൽകുക. സംസ്കൃതം സംഭാഷണ ക്ലാസ്സ്, ഭാഷാ പഠനം സാധ്യമാക്കുന്ന സംസ്കൃത അന്തരീക്ഷം സൃഷ്ടിക്കുക. സംസ്കൃതം ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന പ്രദർശിപ്പിക്കുക. സംകൃതം അസംബ്ലി സംഘടിപ്പിക്കുക . | ജൂൺ–മാർച്ച് | പുസ്തകങ്ങൾ കമ്പ്യൂട്ടർ ലാബ്<br><br>ചാർട്ടുകൾ |

# <u>ഉറുദു</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| എല്ലാ വിദ്യാർത്ഥികളെയും കൃത്യമായി എഴുതാനും വായിക്കാനും പഠിപ്പിക്കുക | ഉറുദു അക്ഷരങ്ങളുടെ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു വാക്കുകൾ നിർമ്മിക്കുക പിന്നോക്കം നിൽക്കുന്ന കുട്ടികളെ | ജൂൺ<br>ജൂൺ –ജൂലൈ | പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | കൂടുതൽ ശ്രദ്ധയോടെ വായിപ്പിക്കുക | | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുക | വായനാമത്സരം സംഘടിപ്പിക്കുക വായന കുറിപ്പുകൾ തയ്യാറാക്കുക ഉർദ്ദു ക്വിസ് | ജൂലൈ–ആഗസ്റ്റ് | പുസ്തകങ്ങൾ |
| ഉർദ്ദു ഭാഷയിൽ സംസാരിക്കാനും എഴുതാനും ഉള്ള ശേഷി വളർത്തുക | ചുമർ പത്രങ്ങൾ പോസ്റ്ററുകൾ എന്നിവ നിർമ്മിക്കുക ഉറുദു ഭാഷ കേൾക്കാനും അനുഭവിക്കാനും ലോക്കൽ പ്രദർശിപ്പിക്കുക | ജൂൺ –മാർച്ച് | പുസ്തകങ്ങൾ |
| ക്ലബ്ബ് ശാക്തീകരണം | റുദു അക്കാദമിക് കൗൺസിൽ രൂപീകരണം പ്രവർത്തന കലണ്ടർ തയ്യാറാക്കൽ ഉറുദു ദിനാചരണം പോസ്റ്റർ നിർമ്മാണം | ജൂൺ<br>ജൂലൈ –മാർച്ച്<br>ഓഗസ്റ്റ് –നവംബർ | പുസ്തകങ്ങൾ |
| ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക | ഉപയോഗ വസ്തുങ്ങളുടെ ഉറുദു നാമവും ചിത്രങ്ങളും ചേർത്ത് സ്ലൈഡ് നിർമ്മാണം ഉറുദു വാർത്തകളുടെ വീഡിയോകൾ | സെപ്റ്റംബർ – നവംബർ<br><br>ജൂലൈ– മാർച്ച്<br><br>മാർച്ച് | ലാപ്ടോപ്പ് ,വീഡിയോസ് |
| മുഴുവൻ കുട്ടികൾക്കും രചനകൾക്ക് ഉള്ള അവസരം നൽകുക | കഥാരചന കവിതാരചന ഉപന്യാസരചന ഉറുദു പദാവലി | ഒക്ടോബർ –ജനുവരി | ചോദ്യങ്ങൾ |
| എല്ലാ കുട്ടികളെയും എല്ലാ കുട്ടികളെയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു | ഉറുദു നിഘണ്ടു നിഘണ്ടുപരിചയപ്പെടുത്തൽ എൻറെ നിഘണ്ഡു | ജൂൺ ആഗസ്റ്റ് സെപ്റ്റംബർ മാർച്ച് | പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | മഹാന്മാരുടെയും ഉറുദു പണ്ഡിതന്മാരുടെയും ജീവിതവും ചരിത്രവും പഠിപ്പിക്കുക ഉറുദു ദിനം ഫിബ്രുരി | ജൂൺ മാർച്ച് | പുസ്തകങ്ങൾ |
| രാജ്യത്ത് കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ എന്ന നിലയിൽ ഉറുദു ഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക | ഉറുദു മാതൃഭാഷയായുള്ള ആൾക്കാരുമായി സംഭാഷണം നടത്തുവാനുള്ള അവസരം നൽകുക ഉറുദു അന്തരീക്ഷവുംമായി ബന്ധപ്പെടാനുള്ള അവസരം നൽകുക | ജനുവരി-മാർച്ച് | ഉറുദു സിനിമകൾ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ/പിന്തുണ |
|---|---|---|---|
| *ഓരോ ക്ലാസിലും തൊട്ടുമുൻ പിലത്തെ ക്ലാസിലെ അടിസ്ഥാന ആശയങ്ങൾ - ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ* | *പ്രീടെസ്റ്റ്*<br>*ക്ലാസ്തല മുന്നൊരുക്ക പ്രവർത്തനങ്ങൾ*<br>*തുടർ പ്രവർത്തനങ്ങൾ* | *ജൂൺ ആദ്യത്തെ രണ്ടാഴ്ച*<br>*ജൂൺ - ആഗസ്റ്റ്* | *PTA*<br>*SF* |
| *നിർമിതികളിൽ താല്പര്യം ഉണ്ടാക്കലും ശേഷി കൈവരിക്കലും* | *നിർമാണ ശില്പശാലകൾ* | *ആഗസ്റ്റ്- ജനുവരി* | *വിദഗ്ദ വ്യക്തികൾ* |

| | | | |
|---|---|---|---|
| മാത്സ് ക്ലിനിക്ക് | ഗണിതത്തിൽ<br>പ്രയാസം<br>അനുഭവപ്പെടുന്ന<br>കുട്ടികൾക്ക്<br>വ്യക്തിഗത ശ്രദ്ധ-<br>സഹായം<br>ഉറപ്പിക്കൽ | ജൂലൈ - ജനുവരി | പരിശീലകരുടെ<br>പിന്തുണ |
| മാത്സ് ചാറ്റ് | വിദഗ്ദരുടെ<br>ക്ലാസുകൾ - സംശയ<br>നിവാരണങ്ങൾ | ഒരുവർഷംമുഴുവൻ | ജിയോജിബ്ര<br>തുടങ്ങിയ<br>ആപ്ലിക്കേഷൻ<br>സോഫ്റ്റ്‌വെയറുകൾ,<br>പ്രൊജക്ടർ ,നെറ്റ്<br>സൗകര്യം |
| ഗണിതത്തോട്<br>താല്പര്യവും<br>ആഭിമുഖ്യവും<br>ഉണ്ടാക്കാൻ ഗണിത<br>ക്ലബ്<br>പ്രവർത്തനങ്ങൾ | ക്ലബ് രൂപീകരണം<br><br>നോട്ടീസ് ബോർഡ്<br><br>പസിൽ<br>അവതരണം<br><br>ഗണിത ക്വിസ്<br>മാഗസിൻ<br>നിർമാണം<br><br>പൂക്കളം<br>ഡിസൈനിങ്ങ്<br><br>ചാർട്ട് നിർമാണം<br><br>സെമിനാർ | ജൂൺ<br><br>രണ്ടാഴ്ചയിൽ<br>ഒരിക്കൻ<br><br>മാസത്തിൽ ഒന്ന്<br><br>സെപ്തംബർ | പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | *പ്രൊജക്ട്* | | |
| *പ്രയോഗ ഗണിതം* | *ഫീൽഡ് ട്രിപ്പ്* | *സാധ്യതക്കനുസരിച്ച്* | |
| *കുട്ടികളുടെ ഗണിത താത്പര്യം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ* | *ഗണിത ലാബ്, മോഡൽ നിർമ്മാണം ,*<br>*പ്രസൻ്റേഷൻ* | *വർഷംമുഴുവൻ* | |

# <u>ശാസ്ത്രം</u>

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | മുൻ ക്ളാസ്സുകളിൽ നേടേണ്ട ശാസ്ത്രപഠന അടിസ്ഥാന ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരിത്തുക | പ്രീടെസ്റ്റ് ചോദ്യ നിർമ്മാണം , ടെസ്റ്റ് മൂല്യനിർണയം , പരിഹാരബോധനം | ജൂൺ | ശാസ്ത്രാധ്യാപകർ | SRG |
| 2 | സ്കൂൾ ശാസ്ത്രലാബിൻെ നവീകരണം | വിവിധ ഉപകരണങ്ങൾ , മോഡലുകൾ , ചാർട്ടുകൾ , തിടങ്ങിയവ ക്രമീകരിക്കൽ | ജൂൺ | ശാസ്ത്രാധ്യാപകർ | SRG |
| 3 | ശാസ്ത്രീയ മനോഭാവം വളർത്തൽ | SCIENCE CLUB രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും SCIENCE BULLETIN BOARD ൻെ കാര്യക്ഷമമായ ഉപയോഗം | ജൂൺ<br>യഥാസമയങ്ങളിൽ | SCIENCE CLUB<br>ശാസ്ത്രാധ്യാപകർ | SMC , PTA |
| 4 | പരിസ്ഥിതി സരക്ഷണം | പരിസ്ഥിതി സരക്ഷണം ജൈവ, അജൈവ മാലിന്യ സംസ്കരണം വീട്ടുകളിൽ മാലിന്യ സംസ്കരണ | ജൂൺ 5 | ECO club | SRG ഹരിത കർമ്മ സേനാംഗ |

| | | | | | |
|---|---|---|---|---|---|
| | | ബോധവൽക്കരണം പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കുന്ന വിധം മനസ്സിലാക്കൽ | | | ങ്ങൾ അധ്യാപകർ |
| 5 | ശാസ്ത്രാഭിരുചി വളർത്താൻ --- ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്ര മേള , ശാസ്ത്രോപകരണ നിർമാണ ശിൽപശാല ലഘു പരീക്ഷണങ്ങളുടെ നിർവഹണം , മോഡൽ നിർമ്മാണം , ക്വിസ് | ആദ്യ ടേം | ശാസ്ത്രാധ്യാപകർ | SMC, PTA |
| 6 | ശാസ്ത്ര പഠനം രസകരമാക്കാൻ-ശാസ്ത്ര താത്പര്യമുണർത്താൻ | ശാസ്ത്രദിനാചരണങ്ങൾ ആസൂത്രണം ചെയ്യുക , ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുക , ശാസ്ത്ര എക്സിബിഷൻ സംഘടിപ്പിക്കുക | യഥാ സമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | SRG |
| 7 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിയുക | YIP , INSPIRE തുടങ്ങിയ പ്രോഗ്രാമുകളിൽ പങ്കെടുപ്പിക്കുക മേളകൾക്കും പരീക്ഷകൾക്കും പരിശീലനങ്ങൾ നല്കുക | രണ്ടാം ടേം | ശാസ്ത്രാധ്യാപകർ | SRG |

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, അതുവഴി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ പ്രധാനലക്ഷ്യം. അറിവിന്റെയും കഴിവിന്റെയും കാഴ്ചപ്പാടിന്റെയും തലത്തിൽ നമ്മുടെ കുട്ടികൾ ഔന്നത്യം പുലർത്തണം. . പാഠപുസ്തകത്തിനപ്പുറത്തേയ്ക്ക് അവ പ്രയാജനപ്പെടുത്താനുള്ള കഴിവും ശേഷിയും വികസിപ്പിക്കുക, അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവിജീവിതത്തിൽ അവ പ്രയാജനപ്പെടുത്താനുള്ള കഴിവ് വികസിപ്പിക്കുക ഇതിന് സഹായകമായ രീതിയിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അവസര തുല്യത, ലിംഗ സമത്വം, പങ്കാളിത്തം, മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസമാണ് കുട്ടികൾക്ക് നൽകുന്നത്. ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് അനുഭവങ്ങളിലൂടെ കുട്ടികൾക്ക് അറിവ് നിർമ്മിക്കാൻ ഉതകുന്ന ബോധനതന്ത്രങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.